**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 169** | **30-09-2025 - ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കളുടെ വന്ധ്യംകരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,**<br>**ശ്രീ. എൻ. ഷംസുദ്ദീൻ,**<br>**ശ്രീ. പി. കെ. ബഷീർ,**<br>**ഡോ. എം. കെ. മുനീർ** | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(എ) 2019 ൽ നടന്ന ഇരുപതാം കന്നുകാലി കണക്കെടുപ്പ് പ്രകാരം (നിലവിലെ സെൻസസ്) ലഭ്യമായ തെരുവ് നായ്ക്കളുടെ എണ്ണം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

| Sl.No | District | Stray Dogs |
|---|---|---|
| 1 | Thiruvananthapuram | 47829 |
| 2 | Kollam | 50869 |
| 3 | Pathanamthitta | 14080 |
| 4 | Alappuzha | 19249 |
| 5 | Kottayam | 9915 |
| 6 | Idukki | 7375 |
| 7 | Ernakulam | 14155 |
| 8 | Thrissur | 25277 |
| 9 | Palakkad | 29898 |
| 10 | Malappuram | 18554 |
| 11 | Kozhikode | 14044 |
| 12 | Wayanad | 6907 |
| 13 | Kannur | 23666 |
| 14 | Kasargod | 8168 |
| Grand Total | | 289986 |

(ബി) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2019 ൽ നടന്ന ഇരുപതാം കന്നുകാലി ക ണക്കെടുപ്പ് പ്രകാരം (നിലവിലെ സെൻസസ്) ലഭ്യമായ തെരുവ് നായ്ക്കളുടെ എണ്ണം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

| Sl.No | District | Stray Dogs |
|---|---|---|
| 1 | Thiruvananthapuram | 47829 |
| 2 | Kollam | 50869 |

| | | |
|---|---|---|
| 3 | Pathanamthitta | 14080 |
| 4 | Alappuzha | 19249 |
| 5 | Kottayam | 9915 |
| 6 | Idukki | 7375 |
| 7 | Ernakulam | 14155 |
| 8 | Thrissur | 25277 |
| 9 | Palakkad | 29898 |
| 10 | Malappuram | 18554 |
| 11 | Kozhikode | 14044 |
| 12 | Wayanad | 6907 |
| 13 | Kannur | 23666 |
| 14 | Kasargod | 8168 |
| Grand Total | | 289986 |

| | | | |
|---|---|---|---|
| (സി) | തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് തെരുവുനായകളുടെ വംശ വർദ്ധനവ് നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ ഒന്നാണ് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം. തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പ്രസ്തുത പ്രവർത്തനം നടത്തി വരുന്നത്. പ്രസ്തുത പ്രവർത്തനത്തിനായി മൃഗസംരക്ഷണ വകുപ്പ് സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം തീവ്ര വാക്സിനേഷൻ യജ്ഞം, ശുചിത്വ യജ്ഞം, ഐ.ഇ.സി ക്യാമ്പയിൻ വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകൽ എന്നിവയും നടത്തി വരുന്നു. നിലവിൽ എ ബി സി പദ്ധതിക്കായി 18 എബിസി സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള എ.ബി.സി കേന്ദ്രങ്ങൾക്ക് പുറമേ സംസ്ഥാനത്തെ എബിസി കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ ബ്ലോക്കുകളിലും പുതിയ പോർട്ടബിൾ എബിസി കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യം ഒരുക്കുകയും, മൃഗസംരക്ഷണ വകുപ്പ് മാനവ വിഭവശേഷി ക്രമീകരിക്കുകയും ചെയ്യുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ പോർട്ടബിൾ എ ബി സി സെന്റർ സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ആസ്ഥാനമാക്കി ഒക്ടോബർ മാസത്തോടെ പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി Indian Immunologicals Ltd (IIL) ന്റെ CSR ഫണ്ടുപയോഗിച്ച് മൃഗക്ഷേമ സംഘടനയായ CAWA എന്ന NGO യുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. ഇത് കൂടാതെ ഈ വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപ 7 പോർട്ടബിൾ എ ബി സി സെന്റർ തുടങ്ങുന്നതിനായി വകയിരുത്തി യിട്ടുണ്ട് . |
| (ഡി) | കൂടുതൽ വന്ധ്യംകരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ | (ഡി) | ഉണ്ട്. നിലവിലുള്ള 18 എ.ബി.സി കേന്ദ്രങ്ങൾക്ക് പുറമേ സംസ്ഥാനത്തെ എബിസി കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | | ബ്ലോക്കുകളിലും പുതിയ പോർട്ടബിൾ എബിസി കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യം ഒരുക്കുകയും, മൃഗസംരക്ഷണ വകുപ്പ് മാനവ വിഭവ ശേഷി ക്രമീകരിക്കുകയും ചെയ്യും |

സെക്ഷൻ ഓഫീസർ